<u>**പതിമൂന്നാം കേരള നിയമസഭ**</u>

<u>**പത്താം സമ്മേളനം**</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3885 31.01.2014-ൽ മറുപടിക്ക്

<u>ചോദ്യം</u> ഉത്തരം

**ശ്രീ. എം. ഉമ്മർ** **ശ്രീ.കെ.എം.മാണി**

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

<u>**റവന്യൂ കമ്മിയിലുണ്ടായ വർദ്ധനവിനെ സംബന്ധിച്ച് പഠനം**</u>

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ റവന്യൂ കമ്മിയിലുണ്ടായ വർദ്ധനവിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | റവന്യൂ കമ്മിയിലുണ്ടായ വർദ്ധനവിനെ സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ലെങ്കിലും വിലയിരുത്താറുണ്ട്. |
| (ബി) | എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ചെലവുകൾക്കായി നൽകിയ തുക ആസ്തി സംഭരണത്തിനായി ഉപയോഗിച്ചതുകൊണ്ടാണ് ഇത്തരം അവസ്ഥ സംജാതമായതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും സർക്കാർ നൽകുന്ന ധന സഹായത്തിൽ നല്ലൊരുഭാഗവും മുലധന ആസ്തികളുടെ രൂപീകരണത്തിനാണ് പ്രസ്തുത സ്ഥാപനങ്ങൾ ഉപയോഗിക്കുന്നത്. ഇത്തരത്തിൽ രൂപീകരിക്കപ്പെടുന്ന ആസ്തികൾ അതത് സ്ഥാപനങ്ങളുടെ ആസ്തികളുടെ ഭാഗമായി പരിഗണിക്കപ്പെടുന്നതിനാൽ നിലവിലുള്ള അക്കൗണ്ടിംഗ് രീതി അനുസരിച്ച് ഈയിനത്തിലുള്ള സർക്കാർ ചെലവ് സംസ്ഥാന ഗവൺമെന്റ് കണക്കുകളിൽ റവന്യൂ ചെലവായി മാത്രമേ കാണിക്കുവാൻ സാധിക്കുകയുള്ളു. മൂലധന ആസ്തികളുടെ രൂപീകരണത്തിനു നൽകുന്ന ധനസഹായം റവന്യൂ ചെലവിൽ നിന്നും കുറച്ചു കൊണ്ട് പുതിയ ഒരു ധന സുചകമായ യഥാർത്ഥ റവന്യൂ കമ്മി (ERD) കണക്കാക്കുന്ന |
| (സി) | ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | |

രീതി 2012-13 - ലെ ബഡ്ജറ്റ് മുതൽ കേന്ദ്ര ഗവണ്മെന്റും, സംസ്ഥാന ഗവണ്മെന്റും അവലംബിക്കുന്നുണ്ട്. ഇതിൻ പ്രകാരമുള്ള യഥാർത്ഥ റവന്യൂ കമ്മി (ERD) സാധാരണ രീതിയിൽ കണക്കാക്കുന്ന റവന്യൂ കമ്മിയേക്കാൾ വളരെ കുറഞ്ഞതാണ്. ഈ പുതിയ സൂചകത്തെ അടിസ്ഥാനപ്പെടുത്തുകയാണെങ്കിൽ സാമ്പത്തിക ദൃഢീകരണത്തിനു വേണ്ടി റവന്യൂ കമ്മിയുമായി ബന്ധപ്പെട്ട് പതിമൂന്നാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള 2012-13 വർഷത്തേക്കുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സംസ്ഥാനത്തിനു സാധിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞിരിക്കുന്ന വസ്തുതകളെ സംബന്ധിക്കുന്ന വിശകലനം പതിനാലാം ധനകാര്യ കമ്മീഷന് സംസ്ഥാനം നൽകിയ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ